بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 08/04/2016

**(29 JAMADUL AAKHIR 1437 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## "CURBING VIOLENCE & RETURNING TO ISLAM "
## അക്രമം നിയന്ത്രിക്കണം ഇസ്ലാമിലേക്ക് മടങ്ങണം.

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം **അക്രമം നിയന്ത്രിക്കണം ഇസ്ലാമിലേക്ക് മടങ്ങണം** എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയുണ്ടായി.

അതിശീഘ്രം വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്ന ആഗോള വ്യവസ്ഥയിൽ, ഇസ്ലാമിക ലോകം നരകിക്കുകയാണ്. അവരുടെ ആകുലത ഭീകരതയും, കാടത്തവും, അക്രമവുമാണ് എന്ന വസ്തുത ആർക്കും നിഷേധിക്കാവതല്ല. ഭൗതിക പുരോഗതിക്കുവേണ്ടിയുള്ള പരക്കം പാച്ചിലിൽ, മാനവന്റെ ധാർമ്മിക, ആത്മീയ അധഃപതനം സംഭവിച്ചിരിക്കുന്നു, മുസ്ലീങ്ങളിൽ ഉൾപ്പടെ എന്ന യാഥാർത്ഥ്യം അവശേഷിക്കുന്നു. അവരുടെ ആത്മീയ അടിത്തറ ഇളകിതുടങ്ങിയിരിക്കുന്നതായി അവർ മനസ്സിലാക്കുന്നു. അതവരെ കൂടുതൽ കുഴപ്പത്തിലേക്ക് എത്തിക്കുന്നു. ചില മുസ്ലീം രാജ്യങ്ങൾ മയക്കുമരുന്നുകളും, ലഹരി പദാർത്ഥങ്ങളും ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രങ്ങളാണ് എന്നത് ഒരു രഹസ്യമായ കാര്യമൊന്നുമല്ല. അതവർ ആഫ്രിക്കൻ രാജ്യങ്ങളിലും ഏഷ്യൻ രാജ്യങ്ങളിലും കയറ്റി അയക്കുന്നു. എന്നതും, അവിടങ്ങളിൽ മുസ്ലീം രാഷ്ട്രങ്ങൾ കൂടുതലുണ്ട് എന്നതും ഒരു യാഥാർത്ഥ്യമാണ്. കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും, ഇസ്ലാം, ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതും വിൽപന നടത്തുന്നതും ശിക്ഷാർഹമാക്കിയിട്ടുള്ളതുമാകുന്നു.

**അമിതമയ മയക്കുമരുന്ന് ഉപയോഗത്താലും മറ്റ് ഉന്മാദ ദ്രവ്യ ഉപയോഗത്താലും മനുഷ്യൻ ഭീകരതയിലേക്കും അക്രമത്തിലേക്കും തിരിയുന്നതായി ആധുനിക മനഃശാസ്ത്രജ്ഞരും ഈ രംഗത്ത് വൈദഗ്ധ്യം നേടിയ ഡോക്ടർമാരും അഭിപ്രായപ്പെടുന്നു.** ഈ സാഹചര്യത്തിൽ, അമേരിക്കൻ, യൂറോപ്പ് മാധ്യമങ്ങൾക്ക് ഒരു സുവർണ്ണാവസരം ലഭ്യമായിരിക്കുകയാണ്. മുസ്ലീങ്ങളെ അവർ മാധ്യമങ്ങളിലൂടെ ഭീകരവാദികളായി അവതരിപ്പിക്കുന്നു. മുസ്ലീംങ്ങൾ അല്ലാത്തവരെ അവർ ഭയത്തിന്റെ നിഴലിൽ നിർത്തുകയും ഇസ്ലാമിന്റെ പ്രതിച്ഛായയെ താറടിച്ചു കാണിക്കുകയും ചെയ്യുന്നു. 1990 കളിൽ മുസ്ലീങ്ങളെ കുറ്റപ്പെടുത്തികൊണ്ട് ആക്രമണത്തിന്റെ ശൈലിയാണ് ജനകീയ മാധ്യമങ്ങൾ അവതരിപ്പിച്ചത്. മുസ്ലീങ്ങൾ മ്ലേഛ ജനതയായും, ഇസ്ലാമിന് മുമ്പുള്ള ജീവിത ശൈലിയാണ് അവർ പിന്തുടരുന്നതെന്നും, ജിഹാദിന് വികൃതമായ വ്യാഖ്യാനം നൽകി മലിനമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. 21-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും അവരുടെ ഈ കുപ്രചരണത്തിന് വലിയ സ്വാധീനമാണ് ലഭിച്ചിട്ടുള്ളത്. ഈ പറയപ്പെട്ട ശക്തികൾ അവരുടേതായ പദ്ധതികൾ തയ്യാറാക്കി മുസ്ലീങ്ങളെ ഭീകരവാദികളാണ് എന്ന് വരുത്തി തീർക്കുന്ന പരിപാടിയിൽ വിജയം കണ്ടെത്തിയിരിക്കുന്നു. 9/11 ൽ വേൾഡ് ട്രേഡ് സെന്ററിലും പെന്റഗണിലും നടന്ന ഭീകരാക്രമണം അവരുടെ പദ്ധതികൾക്ക് ബലമേകി.

മുസ്ലീങ്ങളും മുസ്ലീങ്ങൾ അല്ലാത്തവരുമായ സുപ്രസിദ്ധ ചരിത്രകാരന്മാർ സാക്ഷ്യം വഹിക്കുന്നു. അതായത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ പ്രവാചക ദൗത്യ സമയത്ത് മക്കയിലോ മദീനയിലോ അദ്ദേഹം ഒരിക്കൽ പോലും അക്രമം നടത്തിയിട്ടില്ല. തന്റെ ശത്രുക്കളെ പീഢിപ്പിച്ചിട്ടില്ലാ. നമുക്ക് തീർത്തും പറയുവാൻ കഴിയും, ഒരതിശയോക്തിയുമില്ലാതെ, അഹിംസാ സിദ്ധാന്തം പഠിപ്പിച്ച പ്രഥമ നേതാവ് മുഹമ്മദ് (സ) ആയിരുന്നു എന്ന്. ഇന്ന് അഹിംസാ സിദ്ധാന്തം ഗാന്ധിജിയോടും, മാർട്ടിൻ ലൂഥർ കിംഗിനോടും,

നെൽസൺ മണ്ടേലയോടും ചേർത്ത് പറയുന്നെങ്കിലും, സാർവ്വദേശീക ഇസ്ലാമിക അധ്യാപനത്തെ വലിയ തോതിൽ ജനങ്ങൾ വിസ്മരിച്ചിരിക്കുന്നു. ആധുനിക ലോകത്തെ മിക്ക മതങ്ങളും പ്രതിസന്ധികളിലൂടെ നീങ്ങുകയാണ് എന്ന് പറയാതിരിക്കാൻ കഴിയില്ല. എന്നാൽ, ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന ഇസ്ലാം, സമൂഹത്തിന് ബാധിച്ചിരിക്കുന്ന അക്രമ പ്രശ്നത്തിന് പരിഹാരങ്ങൾ നിർദ്ദേശിക്കുന്നു. ഒന്നാമതായി ജിഹാദ് എന്ന വാക്ക് മുസ്ലീങ്ങൾ ധാരാളമായി ഉപയോഗിക്കുന്ന ഒരു വാക്കാണ്. മുസ്ലീങ്ങൾ അല്ലാത്തവർ പ്രസ്തുത വാക്ക് വികൃതമായ നിലയിലാണ് മനസ്സിലാക്കിയിരിക്കുന്നത്. ആയതിനാൽ ജിഹാദ് എന്ന വാക്കിന് അതിന്റെ യഥാർത്ഥ അർത്ഥം എന്താണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ജിഹാദ് എന്ന വാക്കിന്റെ അർത്ഥം ഖിത്താൽ എന്നാണ്. അതായത് ആയുധം കൊണ്ട് പോരാടുന്നത് ബാധകമാകുന്നത്, മതപരമായ വീക്ഷണത്തിൽ, സ്വയം പ്രതിരോധിക്കേണ്ട സന്ദർഭത്തിൽ മാത്രമാണ്. അല്ലാതെ ആക്രമിക്കുവാനോ, നിരപരാധികളെ കൊല്ലുവാനോ ആകരുത്. വിശുദ്ധ ഖുർആൻ പറയുന്നു. **“ നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ, അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അതിക്രമികളെ ഇഷ്ടപ്പെടുകയില്ല തന്നെ.”** (2:191)

ഉദാഹരണത്തിന്, ബദ്ർ യുദ്ധ വിജയത്തെതുടർന്ന് മദീനയിലേക്ക് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) മടങ്ങിയ ഉടൻ അദ്ദേഹം തന്റെ അനുയായികളെ ഓർമിപ്പിച്ചു, ചെറിയ ജിഹാദ് കഴിഞ്ഞിരിക്കുന്നു. വലിയ ജിഹാദാണ് നമ്മുടെ മുമ്പിലുള്ളത്. അതായത് തിന്മയ്ക്കെതിരെ പോരാടുക. അത് നിങ്ങൾ ഇപ്പോൾ മുതൽ ആരംഭിക്കുക. അതായത് ഓരോ മനുഷ്യനെയും പിശാച് തെറ്റുചെയ്യുവാൻ പ്രേരിപ്പിക്കും. സ്വയം തെറ്റു ചെയ്യുന്നതിൽ നിന്നും പിൻതിരിയുക അതാണ് വലിയ ജിഹാദ്. മുഹമ്മദ് (സ) നിർദ്ദേശം നൽകുകയുണ്ടായി. സ്ത്രീകൾക്കും, വൃദ്ധർക്കും, അവശർക്കും ഒരു ബുദ്ധിമുട്ടും വരുത്തരുത്. വൃക്ഷങ്ങളും ധാന്യവിളകളും നശിപ്പിക്കരുത്. ദൗർഭാഗ്യവശാൽ ഇന്ന് ഭീകരവാദികളും, തീവ്രവാദികളും ഇസ്ലാമിന്റെ സുന്ദരമായ അധ്യാപനങ്ങളെയും പ്രതിച്ഛായയെയും അപകീർത്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. **ഞങ്ങൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, എല്ലാവിധ ഭീകരപ്രവർത്തനങ്ങളെയും അപലപിക്കുന്നു. അത് ഇസ്ലാമിന്റെ അധ്യാപനങ്ങൾക്കെതിരാണ്. ഫ്രാൻസിലും, ബൽജിയത്തിലും മറ്റിതര രാജ്യങ്ങളിലും നടത്തപ്പെടുന്ന എല്ലാവിധ ആക്രമണങ്ങളെയും പരിപൂർണ്ണമായും ഞങ്ങൾ അപലപിക്കുന്നു. ഇത്തരം തീവ്രവാദികൾ കുഴപ്പകാരികൾ തന്നെയാണ്.**

ഈ അക്രമത്തെ നിയന്ത്രിക്കുന്നതിന് എടുക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട നടപടി, മദ്രസ്സ മുതലുള്ള വിദ്യാഭ്യാസത്തെ പുനരലവലോകനം നടത്തേണ്ടതാണ്. മുസ്ലീം സമൂഹങ്ങളിൽ ഉണ്ടാകുന്ന എല്ലാ തിന്മകളെയും ഇതിലൂടെ ഇല്ലായ്മ ചെയ്യുവാൻ സാധിക്കില്ലെങ്കിൽ പോലും ! തിന്മകളുടെ അളവ് പരമാവധി കുറയ്ക്കുവാൻ സഹായിക്കുന്നതാണ്. മുസ്ലീം കുട്ടികളുടെ നന്മയ്ക്ക് പര്യാപ്തമായ പുതിയ പാഠ്യപദ്ധതി നടപ്പിലാക്കേണ്ടതാണ്. ഇസ്ലാമിക വിദ്യാഭ്യാസ വളർച്ചയ്ക്ക് സഹായകമായ നിലയിൽ, ആധുനികതയുമായി അതിനെ ചേർത്ത് നിർത്തേണ്ടതാണ്. അതിലൂടെ ഇസ്ലാമിന്റെ യഥാർത്ഥ സത്ത സൃഷ്ടിക്കാൻ കഴിയണം. പ്രാർത്ഥനകൾ തുടർച്ചയായി ചെയ്യേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തേണ്ടതാണ്. പരിശുദ്ധ മാസമായ റമ്ദാനിൽ വ്യതാനുഷ്ഠാനം നിർവ്വഹിക്കേണ്ടതാണ്. അതിലൂടെ ഇസ്ലാമിന്റെ അടിസ്ഥാന തത്വം ആർജ്ജിക്കുവാൻ സാധിക്കുന്നതാണ്. ഈ ഉദ്ദേശ സാക്ഷാത്ക്കാരത്തിന് രക്ഷകർത്താക്കളുടെ സജീവ ഇടപെടൽ അനിവാര്യമാണ്. അവരുടെ സന്താനങ്ങളുടെ പുരോഗതിയ്ക്കായി, അവർ ആത്മാർത്ഥമായും ഈ കാര്യങ്ങൾ ശ്രദ്ധിക്കുവാൻ ഉപദേശിക്കുകയാണ്. ശരിയായ ഇസ്ലാമിക വിദ്യാഭ്യാസം ഇല്ലാത്തതുമൂലം, ചില രക്ഷിതാക്കൾക്ക്, ഈ കാര്യത്തിൽ ശരിയായ നിലയിൽ ഇടപെടാൻ കഴിയുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. ഇതിനായി നിർദ്ദേശിക്കുവാൻ കഴിയുന്നത് പ്രായമായവർക്കായി പ്രത്യേക ഇസ്ലാമിക വിദ്യാഭ്യാസം സംഘടിപ്പിക്കുക എന്നതാണ്. ഇസ്ലാമിലെ അമീർമാരും ഇസ്ലാമിക മിഷണറിമാരും വയോജനവിദ്യാഭ്യാസത്തിലൂടെ അവരുടെ സന്താനങ്ങളുടെ വ്യക്തിത്വ വികസനത്തിന് ശരിയായ ദിശാ ബോധം, ഖുർആന്റെയും മുഹമ്മദ് (സ) യുടെ അധ്യാപനത്തിന്റെയും അടിസ്ഥാനത്തിൽ നൽകേണ്ടതാണ്. ഇത് സംബന്ധമായി വിശുദ്ധ ഖുർ പറയുന്നു. **“വിശ്വാസികളെ നിങ്ങളെല്ലാവരും സമ്പൂർണ്ണമായ അനുസരണ വൃത്തത്തിൽ പ്രവേശിക്കുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിൻതുടരരുത്. നിശ്ചയമായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു.”** (2: 209)

ഇസ്ലാം അല്ലാഹുവിനും അവന്റെ പ്രവാചകൻ മുഹമ്മദ് (സ) നും ഭാഗീകമായി സമർപ്പിക്കുവാനല്ല പറയുന്നത്, മറിച്ച് അല്ലാഹുവിന്റെ ഇംഗിതത്തിന്, കൽപനകൾക്ക് സമ്പൂർണ്ണമായി കീഴടങ്ങുവാനാണ് കൽപ്പിക്കുന്നത്. ഇതിലൂടെ മുസ്ലീം യുവ ജനതയ്ക്ക് മനസ്സിലാക്കുവാൻ സാധിക്കും, ഈ ലോകത്ത് തങ്ങളുടെ നിലനിൽപ്പിന്റെ ഉദ്ദേശ്യം എന്താണെന്ന് ! അവരോടൊപ്പം എന്താണ് കൊണ്ടു പോകേണ്ടതെന്ന് അവർ മനസ്സിലാക്കുന്നു, മരണം ആസന്നമാകുമ്പോൾ !

ഇസ്ലാമിന്റെ അടിസ്ഥാന തത്വങ്ങൾ അവർക്ക് മനസ്സിലാക്കി കൊടുത്ത ശേഷം, തീർച്ചയായും അവർ തങ്ങളുടെ അയൽവാസികളെ ഉൾക്കൊള്ളുവാനും ആദരിക്കുവാനും തയ്യാറാകും. തങ്ങളുടെ തന്നെ സമുദായത്തിലുള്ളവരോട് മാത്രമല്ല, തങ്ങളുടെ ചുറ്റും താമസിക്കുന്ന മറ്റിതര സമുദായങ്ങളിൽ ഉള്ളവരോടും ! ഏറ്റവും വലിയ നേട്ടം സമൂഹത്തെ ബാധിക്കാവുന്ന എല്ലാവിധ അക്രമത്തിൽ നിന്നും, മയക്കുമരുന്ന് ഉപയോഗത്തിൽ നിന്നും, എല്ലാവിധ തിന്മകളിൽ നിന്നും, മറ്റു കുറ്റകൃത്യങ്ങളിൽ നിന്നും അവർ സ്വയം അകലുന്നു. മനസ്സിന്റെയും ആത്മാവിന്റെയും ശുദ്ധീകരണത്തിലൂടെ മാത്രമെ ഇത്തരം ഒരവസ്ഥാ വിശേഷം സൃഷ്ടിക്കുവാൻ നമുക്ക് സാധിക്കുകയുള്ളൂ. അതിലൂടെ മറ്റുള്ളവർക്ക് അനുകരിക്കുവാൻ പറ്റുന്ന ഏറ്റവും നല്ല മാതൃകാ വ്യക്തിത്വങ്ങൾ സമൂഹത്തിലുണ്ടായിവരും! അല്ലാഹു (ത) പറയുന്നു. **"മനുഷ്യ വംശത്തിന്റെ നന്മയ്ക്കായി എഴുന്നേൽപ്പിക്കപ്പെട്ട ഏറ്റവും ഉൽകൃഷ്ട സമുദായമാണ് നിങ്ങൾ. നിങ്ങൾ നല്ല കാര്യങ്ങൾ നിർദ്ദേശിക്കുകയും ചീത്തകാര്യങ്ങൾ നിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു."** (3:111)

**ആസാദ് ഷാസാഹിബ് കൊലയ്ക്ക് പിന്നിലെ ലക്ഷ്യം :-**

ഇന്നത്തെ ജും ആ ഖുത്തുബ അവസാനിപ്പിക്കുന്നതിനു മുമ്പ്, കഴിഞ്ഞ മാർച്ച് 24 ന് കൊല ചെയ്യപ്പെട്ട ആസാദുൽ ഇസ്ലാം ഷാ സാഹിബിനെക്കുറിച്ച് ഏതാനും വാക്കുകൾ പറയുവാൻ ആഗ്രഹിക്കുകയാണ്. 1976 ജനുവരി 31 ന് റബ്‌വയിലാണ് ജനനം. പിതാവ് സയ്യീദ് നയീം ഷാ സാഹിബ് പാകിസ്ഥാൻ കാരനാണ്. 1998ൽ ആസാദ് സാഹിബും കുടുംബവും സ്കോട്ട്ലെന്റിലെ ഗ്ലാസ്ഗോയിലേക്ക് താമസം മാറ്റി. അവിടെ കച്ചവടമായിരുന്നു തൊഴിൽ. അഹ്‌മദിയ്യാ ജമാഅത്തിന് തുടർച്ചയായി സാമ്പത്തിക സഹായം നൽകി കൊണ്ടിരുന്നു. അദ്ദേഹം വസിയ്യത്ത് ചെയ്തിരുന്ന ആളായിരുന്നു. ഇജ്തിമാകളിലും ജും ആ കളിലും കൃത്യമായി പങ്കെടുക്കുന്നു. അദ്ദേഹത്തെ കുത്തികൊലപ്പെടുത്തിയ തൻവീർ അഹ്‌മദ്, ടാക്സി ഡ്രൈവറായ ഒരു തീവ്രവാദി ആയിരുന്നു. കൊലയ്ക്ക് കാരണമായി പറഞ്ഞത് ആസാദ് ഒരു പ്രവാചകനായി വാദിച്ചു എന്നും മുഹമ്മദ് (സ) ന് ഒരു ആദരവും കൊടുത്തില്ലായെന്നുമാണ്. മുസ്ലീം വിഭാഗത്തിലെ തന്റെ കക്ഷിയിൽപ്പെടാത്ത ഒരു വിഭാഗത്തിലെ ഒരാൾ തൻവീറിനെ കൊല്ലാൻ വന്നു എന്നുള്ള പൊതുമാധ്യമങ്ങളുടെ പ്രചാരണം ഇതോടെ അവസാനിച്ചിരിക്കുകയാണ്. തൻവീർ അഹ്‌മദ് ഹൈക്കോടതിയിൽ രണ്ട് പ്രാവശ്യം ഹാജരായി. 2016 മാർച്ച് അവസാനത്തിലും ഏപ്രിൽ 5-ാം തീയതിയും. ആസാദ് ഷാ സാഹിബിനെ കൊന്ന കാര്യം അവിടെ ഏറ്റു പറയുകയുണ്ടായി. മാത്രമല്ല തന്റെ വക്കീലായ ജോൺ റാഫിർട്ടിയോട് നിർദ്ദേശിക്കുകയും ചെയ്തു, കൊലയുടെ പിന്നിലെ യഥാർത്ഥ കാരണങ്ങൾ സംബന്ധമായ ഒരു പ്രസ്താവന തയ്യാറാക്കുവാൻ. കൊല ചെയ്യുവാനുള്ള പ്രധാന കാരണം അദ്ദേഹം ഒരു പ്രവാചകനാണ് എന്ന് വാദിച്ചു എന്നതാണ്. തന്റെ കുറ്റം നീതികരിക്കുവാനുള്ള മറ്റു കാര്യങ്ങളും അതിൽ ചേർത്തിട്ടുണ്ട്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ജമാ അത്ത് അഹ്‌മദിയ്യായെയാണ് അയാൾ ലക്ഷ്യം വച്ചത്. ഖാത്തമെന്നുബൂവ്വത്ത് സംഘത്തിലെയും അഹ്‌മദിയ്യാ വിഭാഗത്തിനെതിരിൽ ചിന്തിക്കുന്ന മറ്റ് തീവ്രവിഭാഗങ്ങളും, മുഹമ്മദ് (സ) ന് ശേഷം പ്രവാചകർ വരില്ലാ എന്ന് വിശ്വസിക്കുന്നവരും ഇതിന്റെ പിന്നിലുണ്ട്! ആസാദ് ഷാ സാഹിബ് ഒരു കള്ള പ്രവാചകനാണെന്ന് ഇവർ അവരുടെ പ്രസിദ്ധീകരണങ്ങളിലൂടെ പ്രഖ്യാപിച്ചു. 2014 നവംബറിൽ വീഡിയോ ഓൺലൈനിൽ ആസാദ് കള്ള പ്രവാചകനാണെന്ന് പോസ്റ്റ് ചെയ്യുകയും ചെയ്തു. അവരുടെ വെബ്സൈറ്റിൽ ഉടനീളം അഹ്‌മദിയത്തിനെതിരിലുള്ള ശത്രുതയാണ് നിഴലിക്കുന്നത്. അവരെ സംബന്ധിച്ചിടത്തോളം, ഞങ്ങൾ അഹ്‌മദികൾ, ഇസ്ലാമിക വൃത്തത്തിന് പുറത്താണ്. അല്ലാഹു മാപ്പാക്കട്ടെ ! ഇതാണോ ഇസ്ലാമിന്റെ അധ്യാപനം ? ഇതാണോ അല്ലാഹു (ത) യും മുഹമ്മദ് (സ) യും നിങ്ങളെ പഠിപ്പിച്ചത് ? അദ്ദേഹം സ്വയം ഒരു പ്രവാ

ചകനാണെന്ന് വാദിച്ചുവെങ്കിൽ, അദ്ദേഹത്തിന്റെ വാദം ഇനി തെറ്റാണെങ്കിൽ, അദ്ദേഹത്തിന്റെ വാദത്തിന്റെ കണക്ക് ബോധിപ്പിക്കേണ്ടത് അല്ലാഹുവിന്റെ മുമ്പിൽ അദ്ദേഹം മാത്രമാണ്. ഒരു നല്ല മുസ്ലീമിന്റെ വഴി കൊലയാണോ ? മറ്റുള്ളവരുടെ വിശ്വാസത്തെ അളക്കുവാനുള്ള പ്രത്യേക അധികാരം നിങ്ങൾക്ക് എപ്പോഴാണ് കിട്ടിയത് ? നിങ്ങൾ സ്വയം നേർപാതയിലാണെന്ന് നിങ്ങൾക്ക് വല്ല ഉറപ്പും ലഭിച്ചിട്ടുണ്ടോ ? നിങ്ങളുടെ ഈമാൻ ഉറപ്പുള്ളതാണെന്ന് ആരു പറഞ്ഞു ? ഇസ്ലാമിക അധ്യാപനങ്ങളിലുള്ള നിങ്ങളുടെ വിശ്വാസം കോൺക്രീറ്റ് പോലെ ഉറപ്പുള്ളതാണെന്ന് ആര് പറഞ്ഞു. നിങ്ങൾ ചെയ്ത ഈ മ്ലേച്ഛ കാടത്ത നടപടിക്ക് ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനവുമായി എന്ത് ബന്ധമാണുള്ളത്. ?

ഈ കാടത്ത പ്രവർത്തനങ്ങളിലൂടെ ഇസ്ലാമിക അധ്യാപനങ്ങൾക്ക് തെറ്റായ ദിശ നൽകുകയാണ്. ഇസ്ലാമിന് എതിരായ പ്രവർത്തികൾ ചെയ്യുന്ന തീവ്രവാദികളുടെ പ്രവർത്തനമാണിത്. അവർ നിരപരാധികളായ ആളുകളെ വിവിധ രാജ്യങ്ങളിൽ കൊല്ലുകയും ആക്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇത് ഇസ്ലാമിക അധ്യാപനമാണോ ? അല്ലാഹുവിനെക്കാൾ വലിയ ജഡ്ജിയാകുവാൻ ശ്രമിക്കുകയാണോ നിങ്ങൾ? അല്ലാഹു ഖുർ ആനിൽ വ്യക്തമാക്കിയിട്ടുണ്ട്. തന്റെ സൃഷ്ടികളുടെ, തന്റെ ദാസൻമാരുടെ ഹൃദയങ്ങൾ അറിയുന്നവൻ അവൻ മാത്രമാണ്. വിശ്വാസവും വിശ്വാസത്തിന്മേലുള്ള വിധിയും അവനിൽ മാത്രം നിക്ഷിപ്തമാണ്. ജനങ്ങൾ മുസ്ലീങ്ങൾ അല്ലാ എന്ന് വിധിക്കുവാനുള്ള അധികാരവും അവകാശവും നിങ്ങൾക്ക് ആരാണ് നൽകിയത് ? നിശ്ചയമായും അവരുടെ കറപുരണ്ട മനസ്സുകൾ ചുരുങ്ങിയ ഇരുണ്ട മനസ്സുകൾ യഥാർത്ഥ ഇസ്ലാമിക അധ്യാപനങ്ങളെ ചവിട്ടി മെതിക്കുകയാണ്.

2016 ഏപ്രിൽ 1-ാം തീയതിയിലെ വെള്ളിയാഴ്ച ഖുത്തുബയിൽ, ഖലീഫത്തുൽ മസ്സീഹ് അഞ്ചാമൻ ഹസ്രത് മിർസാ മസ്റൂർ അഹ്മദ് എന്താണ്പറഞ്ഞതെന്ന് നമുക്കൊന്നു പരിശോധിക്കാം. ഗ്ലാസ്ഗോയിൽ കൊലചെയ്യപ്പെട്ട ആസ്ദുൽ ഇസ്ലാം ഷാ സാഹിബ് ഒരു രക്തസാക്ഷിയാണ് എന്ന് ! കാരണം അദ്ദേഹം ഒരു അഹ്മദിയാണ്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അദ്ദേഹം രക്തസാക്ഷിയായത്. ഇത്തരം ഭീകരവാദികളുടെയും തീവ്രവാദികളുടെയും കരങ്ങളാൽ കൊലചെയ്യപ്പെടുന്ന മറ്റിതര ആളുകളുടെ അവസ്ഥ എന്താണ് ? അവർ രക്തസാക്ഷികളല്ലേ ? മുസ്ലീം സഹോദരീ സഹോദരന്മാർ ഇസ്ലാമിലെ 5-ാം സ്തംഭമായ ഹജ്ജ് നിർവ്വഹണത്തിനായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവർ പോയി, അനേകർ ആ വിശുദ്ധ ഭൂമിയിൽ മരണപ്പെട്ടു. അവർ രക്തസാക്ഷികളല്ലേ ? ഖലീഫത്തുൽ മസ്സീഹ് തുടർന്ന് പറഞ്ഞു. ആസാദു ഷാ സാഹിബ് പലവിധ മാനസിക ആരോഗ്യ പ്രശ്നങ്ങൾ നേരിട്ട വ്യക്തിയായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും മറ്റ് അടുപ്പക്കാരും പറയുന്നത് അദ്ദേഹം വളരെ വലിയ ബുദ്ധിമാനും സമാധാന പ്രിയനായ ഒരാളുമായിരുന്നു എന്നാണ്. ഈ കാര്യത്തിൽ ആര് പറയുന്നതാണ് വിശ്വാസത്തിലെടുക്കേണ്ടത് ? ഖലീഫത്തുൽ മസ്സീഹ് പറയുന്നത് വിശ്വസിക്കണോ ? അതോ അദ്ദേഹത്തെ അടുത്തറിയാവുന്ന കുടുംബാംഗങ്ങളും അടുപ്പക്കാരും പറയുന്നത് വിശ്വസിക്കേണമോ ? ഇതിൽ ഏതാണ് ശരി ? ഖലീഫത്തുൽ മസീഹിന് ഇത്തരം ഒരു പ്രസ്താവന നടത്തുവാൻ എങ്ങനെ കഴിഞ്ഞു ? ആസാദു ഷാ സാഹിബിന് വേണ്ടി ഖലീഫത്തുൽ മസീഹ് വല്ല ചികിത്സയും നടത്തിയിട്ടുണ്ടോ ? അതല്ല ഖലീഫത്തുൽ മസീഹിന്, ആസാദ് സാഹിബ് നടത്തിയ, മാനസികാശുപത്രിയിൽ നിന്നും മാനസിക ചികിത്സ നടത്തിയ സർട്ടിഫിക്കറ്റുകൾ വല്ലതും കിട്ടിയിട്ടുണ്ടോ ? മാനസിക രോഗിയായ ഒരു വ്യക്തിക്ക് ഒരു വ്യാപാര കേന്ദ്രം നടത്തുവാൻ പറ്റുമോ ? അദ്ദേഹം അവിടെ ദിവസവും ആളുകളുമായി ഇടപഴകുകയും സമാധാനത്തിന്റെയും ഐക്യതയുടെയും സന്ദേശം നൽകുകയും ചെയ്തിരുന്നുവല്ലോ, അങ്ങനെ ചെയ്യുവാൻ ഒരു മാനസിക രോഗിക്ക് കഴിയുമോ ?

സഹോദരീ സഹോദരന്മാരെ, നിങ്ങൾ മനസ്സിലാക്കണം. ജമാഅത്ത് അഹ്മദിയ്യാ, പ്രവാചകന്മാരുടെയും വെളിപാടുകളുടെയും വാതിലുകൾ ഹസ്രത്ത് മുഹമ്മദ് (സ)യ്ക്കും ഹസ്രത് മി.ഗു. അഹ്മദ് (അ) നും ശേഷം അടച്ചിട്ടിരിക്കുകയാണ്. അവരുടെ ചുണ്ടുകളിൽ മധുര വചനങ്ങൾ, സമാധാനം നിറച്ചു വെച്ചിരിക്കുന്നു. എന്നാൽ അവരുടെ പ്രവർത്തികളിൽ ക്രൂരതയും വെറുപ്പും! അവർ മറ്റു മുസ്ലീങ്ങളെ നിരൂപണം നടത്തുന്നു, വിമർശിക്കുന്നു. എന്നാൽ ഇന്ന് അവരും അനിസ്ലാമിക പാതയിലാണ് സഞ്ചരിക്കുന്നത് എന്നത് മറന്നുപോകുന്നു. മറ്റ് മുസ്ലീങ്ങൾ ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ) നെ വിമർശിച്ചത് പോലെ, അതേ തെറ്റ്

ഇന്ന് അഹ്മദികളും ആവർത്തിക്കുന്നു. ആസാദ് ഷാ സാഹിബിന് അല്ലാഹുവിൽ നിന്ന് വെളിപാടുകൾ ലഭിക്കുകയും, ഒരു പ്രവാചകനാണെന്ന് വാദിക്കുകയും എന്നിട്ട് 5-ാം ഖലീഫയും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥരും അദ്ദേഹത്തിനെതിരിൽ നടപടികൾ സ്വീകരിക്കുകയും ചെയ്യാഞ്ഞതെന്തേ ? ബഹിഷ്ക്കരണമോ പീഢനമോ ഏർപ്പെടുത്തിയില്ല. ഖലീഫത്തുൽ മസീഹ് അഞ്ചാമൻ പറയുന്നു ആസാദ് ഷാ സാഹിബ് ഖിലാഫത്തുമായി ചേർന്ന് നിൽക്കുന്നു എന്ന് ! ഈ പ്രസ്താവന ഗ്ലാസ്ഗോയിലെ പ്രാദേശിക അമീറിൽ നിന്നുള്ള റിപ്പോർട്ട് അനുസരിച്ചാണ്. അദ്ദേഹം ഇതുംകൂടി തുടർന്ന് പറഞ്ഞു. ചിലർ ധരിച്ചു ആസാദ്ഷാ സാഹിബ് ജമാഅത്ത് വിട്ടു പോയി എന്ന്! അദ്ദേഹം ജമാഅത്ത് വിട്ടു പോയില്ലാ എന്നതിന് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഉറപ്പ് നൽകുകയാണ്. അദ്ദേഹം ഒരു അഹ്മദിയായിരുന്നു. ജമാഅത്തിന്റെ എല്ലാ പരിപാടികളിലും തുടർച്ചയായി അദ്ദേഹം പങ്കെടുത്തുകൊണ്ടിരുന്നു. സയ്യിദ് ആസാദുൽ ഇസ്ലാം സാഹിബിന്റെ കാര്യത്തിൽ അഞ്ചാം ഖലീഫ ചില മറകൾ വലിച്ചിടുകയാണ്. ഇക്കാലത്ത് ഹസ്രത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിൽ ദ്വിമുഖ രീതികളാണ് നടമാടുന്നത്.

നമ്മെ സംബന്ധിച്ചിടത്തോളം, (മൗറീഷ്യസിൽ) എനിക്ക് അല്ലാഹുവിൽ നിന്ന് വെളിപാടുകൾ ലഭിക്കുന്നു. ഞങ്ങളെ (ഞാനും എന്നിൽ വിശ്വസിച്ചവരും) നിസ്സാമെ ജമാഅത്തിൽ നിന്നും പുറത്താക്കുകയുണ്ടായി. അല്ലാഹുവിൽ നിന്നുള്ള വെളിപാടുകളെ തെറ്റായ സ്ഥാനത്തുള്ള വെളിപാടുകൾ എന്ന് പേര് നൽകി തള്ളി കളഞ്ഞു. എന്നിട്ട് അപ്പോഴത്തെ ഖലീഫ ഞങ്ങളുടെ മേൽ ശാപ പ്രാർത്ഥനയും നടത്തി. എന്നിട്ട് പറഞ്ഞ് നിങ്ങൾ പോയി നിങ്ങളുടേതായ ജമാഅത്ത് ഉണ്ടാക്കുക ! മാത്രമല്ല ഞങ്ങളുടെ മേൽ സാമൂഹ്യ ബഹിഷ്ക്കരണവും ഏർപ്പെടുത്തുകയുണ്ടായി. ഞങ്ങൾക്ക് സലാം പറയരുതെന്ന് അഹ്മദികൾക്ക് നിർദ്ദേശവും നൽകി. മാത്രമല്ല കുടുംബസദസ്സുകളിൽ ക്ഷണിക്കുകയുമരുത്. അവർ ഞങ്ങളുടെ കുടുംബ ജീവിതത്തെയും സ്വകാര്യ ജീവിതത്തെയും തകർത്തെറിഞ്ഞു. പള്ളികളിൽ പ്രവേശിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തി ഒരു കുടുംബാംഗം (അഹ്മദി) ഞങ്ങളെ എപ്പോഴെങ്കിലും ക്ഷണിക്കുകയാണെങ്കിൽ, ഉദാഹരണത്തിന്, വിവാഹം പോലുള്ള ചടങ്ങുകളിൽ, അപ്പോൾ അമീർ, മിഷണറി, മറ്റ് അഹ്മദികൾ അവിടംവിട്ട് പോകണമെന്ന് നിർദ്ദേശവും ലഭിച്ചു, ഞങ്ങളെ ക്ഷണിച്ചവർക്കെതിരിൽ നടപടിക്കും ശുപാർശ ചെയ്തു. ഇസ്ലാമിന്റെ അധ്യാപനങ്ങളെ അവർ ഇടിച്ചു പൊളിച്ചു കളഞ്ഞത് എത്ര ദൗർഭാഗ്യകരമാണെന്ന് നോക്കൂ !

ഹജ്ജത്തുൽ വദാഅ്ൽ മുഹമ്മദ് (സ) മുന്നറിയിപ്പ് നൽകി **"ഒരാളും മറ്റ് ഒരാളെക്കാൾ ശ്രേഷ്ഠനാണെന്ന് കരുതരുത്."** എന്നാൽ നാം ഇവിടെ കാണുന്നതെന്താണ് ? പാകിസ്ഥാനികൾ, പാകിസ്ഥാനികളെ സംരക്ഷിക്കുന്നു. എന്നിട്ട് അവർ പലതും മറച്ചു വെയ്ക്കുന്നു, എന്നിട്ട് ആസാദ് സാഹിബിന്റെ മരണത്തിൽ അവർ വളരെ ദുഃഖിതരാണ് എന്ന് വിശ്വസിപ്പിക്കുന്നു. 5-ാം ഖലീഫത്തുൽ മസീഹ്, ആസാദ് ഷാ സാഹിബിന്റെ പ്രവാചകനെന്ന നിലയിലുള്ള വെളിപാടുകളെ സംബന്ധിച്ചും, പ്രഖ്യാപനങ്ങളെ സംബന്ധിച്ചും നിശബ്ദത പാലിക്കുന്നു. എന്നിട്ട് അദ്ദേഹത്തിന് ചിലമാനസിക പ്രശ്നങ്ങളുണ്ടായിരുന്നെന്ന് പ്രസ്താവിക്കുന്നു. എന്നിട്ട് അദ്ദേഹം രക്തസാക്ഷിയാണെന്ന് പ്രഖ്യാപിക്കുന്നു. കാരണം അദ്ദേഹം ഒരു അഹ്മദിയാണ്.

2016 ഏപ്രിൽ 1 ജും ആയ്ക്ക് ശേഷം 5-ാം ഖലീഫയുടെ നേതൃത്വത്തിൽ ജനാസ ഗായിബ് നമസ്ക്കരിച്ചു. ഗ്ലാസ് ഗോയിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ മയ്യത്ത് നമസ്കാരം നിർവ്വഹിക്കുന്നതിന് മുമ്പ്! ഇവിടെ മൗറീഷ്യസിൽ എനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ദൈവീക വെളിപാടുകളിൽ വിശ്വസിച്ചവർ, (ദൈവീക ദൃഷ്ടാന്തമെന്ന നിലയിൽ) മരണപ്പെട്ടപ്പോൾ, അഹ്മദികൾ ബഹിഷ്ക്കരണം ഏർപ്പെടുത്തി, അവർ അകലം പാലിച്ചു, ജനാസ നമസ്ക്കരിച്ചില്ല, മരണപ്പെട്ടയാൾ അവരുടെ രക്തബന്ധത്തിൽപ്പെട്ട ആളായിരുന്നിട്ടുപോലും ! എന്നെ അത്ഭുതപ്പെടുത്തുന്ന ഒരു കാര്യം ആസാദ് ഷാ സാഹിബ് വസിയ്യത്ത് ചെയ്ത ആളായിരുന്നു. എന്നിട്ടെന്തേ അദ്ദേഹത്തെ ബിഹിഷ്തി മഖ്ബറയിൽ അടക്കം ചെയ്തില്ല ? (അഥവാ നിങ്ങളവിടെ ഒരു സ്മാരക ഫലകം സ്ഥാപിച്ചുവോ ?) അദ്ദേഹത്തിന്റെ ജനാസാ നമസ്ക്കാരം 2016 ഏപ്രിൽ 2 ന് പ്രാദേശിക സമയം 1 മണിക്ക് നിർവ്വഹിക്കുകയും ഗ്ലാസ്ഗോയിലെ കാർഡോനാൾഡ് ശ്മശാനത്തിൽ മയ്യത്ത് അടക്കുകയും ചെയ്തു.

എങ്ങനെയായാലും, ഞങ്ങൾക്ക്, ജമാഅത്തു സ്സഹീഹിൽ  ഇസ്ലാമിന് ആരോടും ഒരു ശത്രുതയുമില്ല. ഞാനിതു പറയുമ്പോൾ, സയ്യിദ് ആസാദുൽ ഇസ്ലാം ഷാ സാഹിബിനോ മറ്റാർക്കെങ്കിലുമോ എതിരിൽ ഒന്നും പറയുന്നില്ല. ഇന്ന് ഈ കാര്യങ്ങൾ ഞാൻ പറയേണ്ടതായിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ വഴികളെ സംബന്ധിച്ച് ഇന്ന് നല്ല നിലയിൽ വിശദീകരിക്കേണ്ടതായിട്ടുണ്ട്. നിശ്ചയമായും അല്ലാഹു (ത) ഖലീഫത്തുൽ മസീഹ് അഞ്ചാമന് വളരെ വലിയ പരീക്ഷണമാണ് നൽകിയിരിക്കുന്നത് ! വെളിപാടുകളുമായും പ്രവാചകത്വ വാദവുമായും ബന്ധപ്പെട്ട ഒരു കേസ് അദ്ദേഹത്തിന് കൈകാര്യം ചെയ്യേണ്ടി വന്നിരിക്കുന്നു. ഓരോ വ്യക്തിക്കും ഈ കാര്യങ്ങളൊക്കെ കാണാനുള്ള അവസരം നൽകിയിരിക്കുകയാണ്. ഓരോരുത്തരും ഈ സാഹചര്യത്തെപ്പറ്റി ചിന്തിക്കേണ്ടതാണ്, എന്നിട്ട് ഓരോരുത്തരും അവരവരുടേതായ തീരുമാനത്തിൽ എത്തിച്ചേരണ്ടേതാണ്.

എനിക്ക് വ്യക്തിപരമായി ഈ കാര്യത്തിൽ പറയുവാനുള്ളത്, കഴിഞ്ഞ ആഴ്ചയിലെ വെള്ളിയാഴ്ച ഖുത്തുബയിൽ പറഞ്ഞതുപോലെ, എനിക്ക് സയ്യിദ് ആസ്ദുൽ ഇസ്ലാം ഷാ സാഹിബുമായി നല്ല ഒരു ബന്ധമുണ്ടായിരുന്നു. ആരുടെ മുമ്പിലും അത് പ്രസ്താവിക്കാനും എനിക്ക് കഴിയും. ആദ്യമായി ജനാസ ഗായിബ് നമസ്ക്കാരം നടത്തിയത്, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ആണ്. അല്ലാഹു (ത) ആ നിലയിലാണ് അത് വിധിച്ചിട്ടുള്ളത്. അൽഹംദുലില്ലാഹ് !

ഒരിക്കൽ കൂടി ഞാൻ ആസാദ് ഷാ സാഹിബിന്റെ കുടുംബത്തിന് എന്റെ ആത്മാർത്ഥമായ അനുശോചനവും അനുകമ്പയും അർപ്പിക്കുകയാണ്. ഈ പ്രയാസ ഘട്ടത്തിൽ അല്ലാഹു (ത) സഹായിക്കട്ടെ ! ഇവയെ നേരിടുവാനും അല്ലാഹുവിൽ പൂർണ്ണമായും ഭരമേൽപ്പിക്കുവാനും കഴിയട്ടെ ! അല്ലാഹു (ത) അവന്റെ ഇംഗിതം നടപ്പാക്കുന്നു. അതു തന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം ! ആമീൻ.

**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*